# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24 — 28.11.2018-ൽ മറുപടിക്ക്

## കലാപ ശ്രമങ്ങൾ അടിച്ചമർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. ബാബു<br>ശ്രീ. സി. കെ. ശശീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നവോത്ഥാന നായകർ ആചാരക്രമങ്ങളെ മാറ്റിമറിച്ചിട്ടുള്ള കേരളീയ സമൂഹത്തിൽ പരമോന്നത നീതിപീഠം ദുരാചാരങ്ങൾ മാറ്റാൻ ആവശ്യപ്പെട്ടത് സംസ്ഥാനത്ത് കലാപത്തിലൂടെ വർഗീയ ചേരിതിരിവിനുള്ള സുവർണ്ണാവസരമായി രാജ്യം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന നേതാവ് തന്നെ പ്രഖ്യാപിച്ച സ്ഥിതിയിൽ സമൂഹദ്രോഹികൾ അഴിഞ്ഞാടാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>(ബി) തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ നിയമവിരുദ്ധമായി അട്ടിമറിക്കുമെന്ന കേന്ദ്ര ഭരണകക്ഷി നേതാവിന്റെ ആഹ്വാനത്തെ തുടർന്ന് | (എ) യും (ബി) യും<br>28.09.2018-ൽ ബഹു. സുപ്രീം കോടതി ശബരിമലയിൽ പ്രായഭേദമന്യേ സ്ത്രീ പ്രവേശനം അനുവദിച്ചു കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനെ തുടർന്ന് അക്രമ സംഭവം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തിയും സ്ത്രീകൾ ഉൾപ്പെടെയുള്ള വിശ്വാസികൾക്ക് സുരക്ഷയൊരുക്കുന്നതിലേക്ക് പമ്പ,നിലയ്ക്കൽ,ഇലവുങ്കൽ, സന്നിധാനം എന്നിവിടങ്ങളിൽ നിരോധനാജ്ഞ ഏർപ്പെടുത്തിയും വിവിധ സ്ഥലങ്ങളിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിച്ചും ശക്തമായ പോലീസ് ബന്തവസ്സ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളവരെ |

| | |
|---|---|
| സന്നിധാനത്തുൾപ്പെടെ കലാപം സൃഷ്ടിക്കാൻ ശ്രമിച്ചവർക്കെതിരെ കർശന നടപടിയെടുക്കാൻ വേണ്ട നിർദ്ദേശം നൽകുമോ; | മുൻകരുതൽ നടപടിയെന്ന നിലയിൽ അറസ്റ്റ് ചെയ്ത് നിയമനടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) വിശ്വാസ സംരക്ഷകർ എന്ന വ്യാജേന ശബരിമല സന്നിധാനത്തുൾപ്പെടെ ക്രിമിനൽ സംഘങ്ങൾ ആചാരലംഘനവും നിയമലംഘനവും നടത്തിയതിനെതിരെയും ഭരണഘടന കത്തിക്കണമെന്നും പിന്തിരിപ്പൻമാരെ എതിർത്തതിന് മുൻ എം. പി. യായ പി. സതിദേവിയെ പോലുള്ളവരെ കൊത്തിനുറുക്കാനും ഭക്തരായ സ്ത്രീകളെ അടിച്ചുകൊല്ലാനും ആഹ്വാനം ചെയ്തതിനെതിരെയും കൈക്കൊണ്ട നടപടികൾ അറിയിക്കാമോ? | (സി) ശബരിമല സന്നിധാനത്ത് ദർശനത്തിന് എത്തിയ 52 വയസ്സ് പ്രായമുള്ള ലളിത എന്ന സ്ത്രീയെ യുവതി എന്ന് ആരോപിച്ച് വിശ്വാസ സംരക്ഷകർ എന്ന വ്യാജേന സന്നിധാനം നടപന്തലിൽ മുൻകൂട്ടി തയ്യാറെടുത്ത് നിന്ന അക്രമികൾ പെട്ടെന്ന് സംഘടിച്ച് അവരെ അന്യായമായി തടഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും ടിയാളുടെ അനിയത്തിയുടെ മകൻ മൃദുൽ കുമാറിനെ മർദ്ദിച്ച് അവശനാക്കുകയും ചെയ്തതിന് സന്നിധാനം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 16/18 u/s 143,144,147,188,341,308,354 r/w 149 IPC ആയി കണ്ടാലറിയാവുന്ന 150 ഓളം പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.<br><br>09.10.2018-ാം തീയതി ന്യൂസ് -18 കേരളം എന്ന ടി.വി ചാനലിൽ ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട ചാനൽ ചർച്ചക്കിടെ ടി ചർച്ചയിൽ പങ്കെടുത്ത വി. ഗോപാലകൃഷ്ണൻ എന്നയാൾ "ചർച്ച അവസാനിപ്പിച്ച് അയ്യപ്പനോട് മാപ്പ് പറഞ്ഞ് പൊയ്ക്കോ ഇല്ലെങ്കിൽ നിങ്ങളുടെ ജഡം പോലും ഉണ്ടാകില്ല കേരളത്തിൽ കത്തി കുരുക്കും" എന്നും മറ്റും പറഞ്ഞ് പരസ്യമായി ഭീഷണിപ്പെടുത്തിയതായി മുൻ എം.പി.യും ജനാധിപത്യ മഹിള അസോസിയേഷൻ സംസ്ഥാന സെക്രട്ടറിയുമായ അഡ്വ. സതീദേവി |

നല്കിയ പരാതിയുടെ
അടിസ്ഥാനത്തിൽ തിരുവനന്തപുരം
കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ
ക്രൈം നം. 1423/18 u/s 506(I) IPC
ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**